**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3612** **02-03-2023 - ൽ മറുപടിയ്ക്ക്**

**ചികിത്സാ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ നിന്നും ചികിത്സാ സഹായത്തിനായി സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് ആകെ ലഭിച്ച അപേക്ഷകൾ,അതിൽ സഹായം അനുവദിച്ച അപേക്ഷകൾ, ഇനി സഹായം അനുവദിക്കാനുള്ള അപേക്ഷകൾ, നിരസിച്ച അപേക്ഷകൾ എന്നിവയുടെ എണ്ണം അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ നിന്നും ചികിത്സാ സഹായത്തിനായി സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് ലഭിച്ച അപേക്ഷകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ നിന്നും ചികിത്സാ സഹായത്തിനായി ലഭിച്ച അപേക്ഷകളിൽ ഏതെങ്കിലും നിരസിച്ചിട്ടുണ്ടോ;എങ്കിൽ അതിന്റെ കാരണം അറിയിക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ നിന്നും ചികിത്സാ സഹായത്തിനായി സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് ലഭിച്ച അപേക്ഷകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ശ്രുതി തരമംഗം പദ്ധതി

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ നിന്നും ശ്രുതിതരംഗം പദ്ധതി പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിക്ക് വേണ്ടി 4 അപേക്ഷകൾ ലഭിക്കുകയുണ്ടായി. 4 അപേക്ഷകളും ഇംപ്ലാന്റേഷൻ സർജറിക്ക് വേണ്ടി തെരഞ്ഞെടുക്കുകയും സഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## ആശ്വാസകിരണം പദ്ധതി

വടക്കാഞ്ചേരി മണ്ഡലത്തിൽ ആകെ 533 അപേക്ഷകരുണ്ട്. അതിൽ, ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 272 ഗുണഭോക്താക്കൾക്ക് ധനസഹായം അവരുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്തു. ടി മണ്ഡലത്തിലെ ബാക്കിയുള്ള അപേക്ഷകരുടെയും ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് അവർക്കും ധനസഹായം അനുവദിക്കുന്നതാണ്. അതിന് ശേഷം ലഭിച്ച അപേക്ഷകൾ താലൂക്ക് അടിസ്ഥാനപ്പെടുത്തി വടക്കാഞ്ചേരി മണ്ഡലത്തിലെ ഇനി സഹായം അനുവദിക്കാനുള്ള അപേക്ഷകളുടെ എണ്ണം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്.

## സമാശ്വാസം പദ്ധതി

പുതിയ അപേക്ഷകളൊന്നും പരിഗണിച്ചിട്ടില്ല.

## വീ കെയർ പദ്ധതി

നിലവിൽ വീ കെയർ പദ്ധതിയിൽ മണ്ഡലം , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമല്ല . ജില്ല തിരിച്ചാണ് അപേക്ഷയുടെ വിശദാംശങ്ങൾ സൂക്ഷിച്ചിട്ടുള്ളത്. ആയതിനാൽ, തൃശ്ശൂർ ജില്ലയിൽ അനുവദിച്ച ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആകെ അപേക്ഷകൾ | സഹായം അനുവദിച്ച അപേക്ഷകൾ | സഹായം അനുവദിക്കാനുള്ള അപേക്ഷകൾ | നിരസിച്ച അപേക്ഷകൾ |
|---|---|---|---|
| 148 | 32 | 111 | 5 |

വീ കെയർ പദ്ധതിയിൽ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല . ജില്ല തിരിച്ചാണ് അപേക്ഷയുടെ വിശദാംശങ്ങൾ സൂക്ഷിച്ചിട്ടുള്ളത്. ആയതിനാൽ തൃശ്ശൂർ ജില്ലയിൽ നിന്നും ലഭിച്ച അപേക്ഷകളിൽ 5 അപേക്ഷകൾ പദ്ധതി മാനദണ്ഡ പ്രകാരം നിരസിച്ചിട്ടുള്ളതാണ് എന്ന വിവരം അറിയിക്കുന്നു.

മിഠായി പദ്ധതി

മിഠായി പദ്ധതിയിൽ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല. പ്രസ്തുത പദ്ധതിയിലെ അപേക്ഷകളൊന്നും നിരസിച്ചിട്ടില്ല. ആയതിനാൽ, തൃശ്ശൂർ ജില്ലയിൽ അനുവദിച്ച ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആകെ അപേക്ഷകൾ | സഹായം അനുവദിച്ച അപേക്ഷകൾ | സഹായം അനുവദിക്കാനുള്ള അപേക്ഷകൾ | നിരസിച്ച അപേക്ഷകൾ |
|---|---|---|---|
| 53 | 43 | 10 | 0 |